2004-05-ലെ അക്കൗണ്ടൻറ് ജനറലിൻറെ ഫൈനാൻസ് അക്കൗണ്ട്സ്/ അപ്രോപ്രിയേഷൻ അക്കൗണ്ട്സ് കൂടി പ്രസിദ്ധീകരിച്ചശേഷം മാത്രമേ, തുണ നവീകരണ പരിപാടി നടപ്പിലാക്കുന്ന മറ്റ് വകുപ്പുകളും ചെലവാക്കിയ തുകയുടെ വിശദാംശങ്ങളും ലഭിക്കുകയുള്ളൂ.

(ബി, സി) ഈ പദ്ധതിയുടെ ചെലവുകൾ ആഡിറ്റിനു വിധേയ മാണ്. അക്കൗണ്ടൻറ് ജനറലാണ് കണക്കുകൾ ആഡിറ്റ് ചെയ്യേണ്ടത്. ആഡിറ്റിനു കണക്കുകൾ ഹാജരാക്കാൻ ആവശ്യപ്പെടുന്ന മുറയ്ക്കാണ് കണക്കുകൾ ആഡിറ്റിനു നൽകുന്നത്. 2003-04-ലെ കണക്കുകൾ അക്കൗണ്ടൻറ് ജനറൽ ആഡിറ്റ് ചെയ്തിട്ടുണ്ട്. അക്കൗണ്ടൻറ് ജനറൽ 2004-05-ലെ കണക്കുകൾ ആഡിറ്റിനു ഇതുവരെ ആവശ്യപ്പെട്ടിട്ടില്ല.

പ്രൈവറ്റ് ബാങ്കുകളാൽ കബളിപ്പിക്കപ്പെട്ടവർക്ക് ആശ്വാസം

30 [2639] ശ്രീ. യു. സി. രാമൻ:
,, കെ. എൻ. എ. ഖാദർ:
,, സി. മോയിൻ കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും ഐക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില മേഖലകളിൽ ആരംഭിച്ച പ്രൈവറ്റ് ബാങ്കുകൾ വലിയ നിരക്കിൽ പലിശ നൽകാമെന്ന് വ്യാമോഹിപ്പിച്ച് വ്യക്തികളിൽ നിന്നും സ്വീകരിച്ച കോടിക്കണക്കിന് രൂപയുമായി കടന്നു കളഞ്ഞതായിട്ടുള്ള സംഭവങ്ങളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ കബളിപ്പിക്കപ്പെട്ട വ്യക്തികൾക്ക് എന്തെങ്കിലും ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) കബളിപ്പിച്ച് കടന്നു കളഞ്ഞവരെ കണ്ടുപിടിച്ച് തുക നിക്ഷേപകർക്ക് തിരികെ കൊടുക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു തുക ഇതുവരെ തിരിച്ചു നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപ്രകാരമുള്ള പരാതികൾ കേരള മണിലെൻറിംഗ് നിയമത്തിൻറെ പരിധിയിൽ വരുന്നതല്ല. 1958-ലെ കേരള മണിലെൻറിംഗ് നിയമത്തിൻറെ കീഴിൽ വരുന്ന രജിസ്റ്റർ ചെയ്ത പണമിടപാടു സ്ഥാപനങ്ങൾ അമിത പലിശ ഈടാക്കുന്നത് ടി നിയമപ്രകാരം ശിക്ഷാർഹമാണ്.

(ബി—ഡി) ഇതിനായി ഒരു പുതിയ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly